- ഗ്രാമപഞ്ചായത്ത് വാർഡ് അംഗം
- പട്ടികജാതി/പട്ടികവർഗ്ഗ വികസന ഉദ്യോഗസ്ഥൻ
- സെക്രട്ടറി ഫോറസ്റ്റർ/ഗാർഡ്

വനസംരക്ഷണത്തിൽ വകുപ്പിനെ സഹായിക്കുക, വനപരിപാലനത്തിൽ പങ്കാളികളാകുക എന്നീ രണ്ടു പ്രധാന സംഗതികളാണ് വനസംരക്ഷണ സമിതികളെ സംബന്ധിക്കുന്ന ഉത്തരവാദിത്വങ്ങൾ. മറയൂർ ചന്ദനമരങ്ങളുടെ പ്രത്യേക സംരക്ഷണത്തിനും പരിപാലനത്തിനുമായിട്ടുള്ള "Participatory Management of Sandalwood" എന്ന പേരിലുള്ള വനസംരക്ഷണ സമിതിയുടെ ഘടനയേയും ചുമതലകളേയും സംബന്ധിക്കുന്ന വിവിധ കാര്യങ്ങളെ സംബന്ധിച്ച് ഒരു നിർദ്ദേശം സർക്കാർ പരിഗണിച്ചു വരികയാണ്.

പൊതുജനപങ്കാളിത്തത്തോടെ വനങ്ങളുടെ പരിപാലനം

82 (3291) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും വനങ്ങളുടെ പരിപാലനം സമീപ വാസികളായ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കൂടുതലായി വ്യാപിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, തെന്മല, റാന്നി, മൂന്നാർ, വാഴച്ചാൽ, തൃശ്ശൂർ, നെന്മാറ, പാലക്കാട്, നിലമ്പൂർ നോർത്ത്, നോർത്ത് വയനാട്, സൗത്ത് വയനാട്, കോഴിക്കോട് ഡിവിഷനുകളിലും കണ്ണൂർ ജില്ലയുടെ ഭാഗമായ കണ്ണൂർ ഡിവിഷനിലും കോട്ടയം ഡിവിഷനിലെ നഗരംപാറ അയ്യപ്പൻകോവിൽ റെയിഞ്ചുകളിലും പ്രവർത്തിക്കുന്ന വനവികാസ ഏജൻസികൾ വഴി വനസംരക്ഷണ സമിതികളുടെ പ്രവർത്തന മേഖലകളിൽ തദ്ദേശീയ വനവൽക്കരണ പരിപാടി ഇപ്പോൾ നടപ്പാക്കിവരുന്നു.

(സി) പങ്കാളിത്ത വനപരിപാലന പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വനവികാസ ഏജൻസികൾ മുഖേന തദ്ദേശീയവനവൽക്കരണ പദ്ധതി നടപ്പാക്കുവാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly